# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2664 — 17/10/2016-ന് മറുപടിക്ക്

## സൂപ്പർന്യൂമററി തസ്തികകളിൽ ആശ്രിത നിയമനം

**ചോദ്യം**
ശ്രീ .എം.നൗഷാദ്

**ഉത്തരം**
ശ്രീ.പിണറായി വിജയൻ
മുഖ്യമന്ത്രി

| | | | |
|---|---|---|---|
| (എ) | 21.07.2014 ലെ ജി.ഒ(എം.എസ്) 22/2014/P&ARD ഉത്തരവ് പ്രകാരം സൂപ്പർ ന്യൂമററി തസ്തികകളിൽ ആശ്രിത നിയമന പദ്ധതി പ്രകാരം നിയമനം ലഭിച്ചവരിൽ ഭൂരിപക്ഷം പേരുടെയും സേവനം റെഗുലറൈസ് ചെയ്തിട്ടില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ കാരണം വിശദീകരിക്കാമോ; | (എ) യും (ബി) യും (സി) യും (ഡി) യും | ഉണ്ട്. സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം പൊതു ഭരണ (സി.ഇ. സെൽ) വകുപ്പിൽ അപേക്ഷ നൽകിയവർക്ക് തൊഴിൽ ലഭ്യമാക്കുവാൻ കാലതാമസം നേരിട്ട സാഹചര്യത്തിലാണ് കുടിശ്ശിക നിയമനം ഒറ്റത്തവണയായി തീർപ്പാക്കുന്ന-തിന്റെ ഭാഗമായി 549 സൂപ്പർ ന്യൂമററി തസ്തികകൾ 2012-ൽ സർക്കാർ സൃഷ്ടിച്ചത്. തുടർന്നും വിവിധ വകുപ്പുകളിൽ ഇത്തരത്തിൽ കാലതാമസം ഒഴിവാക്കുന്നതിനായി കുടിശ്ശിക നിയമനങ്ങൾക്കായി സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ചിരുന്നു. എന്നാൽ സൂപ്പർ ന്യൂമററി തസ്തികയിൽ നിയമിക്കപ്പെടുന്നവരെ ക്രമവൽക്കരിക്കുന്നത് ഓരോ വർഷവും സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം |
| (ബി) | പ്രസ്തുത പരാതി പരിഹരിക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | | |
| (സി) | റെഗുലറൈസ് ചെയ്യപ്പെടുമ്പോൾ ജോയിനിംഗ് തീയതി മുതലുള്ള സീനിയോറിറ്റി അനുവദിച്ചുനൽകാൻ നടപടി സ്വീകരിക്കുമോ; | | |

| | | |
|---|---|---|
| (ഡി) | മൂന്ന് വർഷമായി ഇത്രയധികം ജീവനക്കാർ റെഗുലറൈസ് ചെയ്യപ്പെടാതെ ജോലി ചെയ്യാനിടയായതിന് ഉത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിക്കുമോ ? | നിയമനം നടത്തുന്നതിനായി നീക്കി വച്ചിട്ടുള്ള 5% ഒഴിവുകളിൽ ആയിരിക്കുമെന്ന് (മാതൃ വകുപ്പിൽ തന്നെ നിയമനം ലഭിക്കുന്നവർ ഒഴികെ) വ്യവസ്ഥ ചെയ്തിരുന്നു. സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം ലഭിച്ചവരുടെ സർവ്വീസിന്റെ ക്രമവൽക്കരണത്തിന് സ്വീകരിക്കേണ്ട കാര്യങ്ങൾ വിശദമാക്കി 4.5.2015-ൽ സ.ഉ(എം.എസ്)നം.26/15/പി& എ ആർഡി നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് (പകർപ്പ് അനുബന്ധമായി ചേർക്കുന്നു). പ്രസ്തുത ഉത്തരവിലെ വ്യവസ്ഥകൾ അനുസരിച്ച് മാത്രമായിരിക്കും ആശ്രിത നിയമന പദ്ധതി പ്രകാരം നിയമനം ലഭിച്ചവരുടെ നിയമനം ക്രമവൽക്കരിക്കപ്പെടുന്നതും സീനിയോറിറ്റി നിശ്ചയിക്കുന്നതും എന്ന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ഒഴിവ് വരുന്ന തസ്തികയിലേക്ക് നിലവിലുള്ള ചട്ടമനുസരിച്ച് മാത്രമേ ഇവരെ സർവ്വീസിൽ ക്രമവത്ക്കരിക്കുവാൻ നിർവ്വാഹമുള്ളൂ എന്നതിനാലാണ് ഇക്കാര്യത്തിൽ കാലതാമസം ഉണ്ടാകുന്നത്. |

**സെക്ഷൻ ഓഫീസർ**